# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

സംസ്ഥാനകമ്മിറ്റി, തൈക്കാട് – തിരുവനന്തപുരം 695014.

Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 05-04-2013

## വൊക്കേഷണൽ ഹയർസെക്കന്ററിയിലെ അന്യായ സ്ഥലംമാറ്റം
## ഡയറക്ടറെ തടഞ്ഞുവച്ചു

**വൊക്കേഷണൽ ഹയർസെക്കന്ററി അധ്യാപകരെ നിർബന്ധിതമായി സ്ഥലംമാറ്റാനുള്ള തീരുമാനം പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ട് കെ.എസ്.ടി.എ യുടെ നേതൃത്വത്തിൽ അധ്യാപകർ ഡയറക്ടറെ ഓഫീസിൽ തടഞ്ഞുവച്ചു.**

**പൊതുസ്ഥലംമാറ്റമാനദണ്ഡത്തിൽ ഇല്ലാത്ത കാര്യങ്ങൾ ഉൾപ്പെടുത്തിയാണ് ഓൺലൈൻ സ്ഥലംമാറ്റത്തിന് അപേക്ഷ ക്ഷണിച്ചത്. മാനദണ്ഡത്തിൽ മാറ്റംവരുത്താതെ ഡയറക്ടറേറ്റ് ഏകപക്ഷീയമായി അധ്യാപകരെ വിദൂരസ്ഥമാറ്റങ്ങളിലേക്ക് മാറ്റാനുള്ള തീരുമാനത്തിൽ പ്രതിഷേധിച്ച് നിരവധി വി.എച്ച്.എസ്.ഇ അധ്യാപകർ സമരത്തിൽ പങ്കെടുത്തു. അപേക്ഷിക്കാനുള്ള തീയതി നീട്ടിവച്ച് അപാകത പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുമെന്ന ഉറപ്പിന്മേൽ സമരം അവസാനിപ്പിച്ചു. കെ.എസ്.ടി.എ സംസ്ഥാന വൈസ് പ്രസിഡന്റ് കെ.ജെ. ഹരികുമാർ, സംസ്ഥാന എക്സി. കമ്മിറ്റി അംഗങ്ങളായ എസ്.ശ്രീകുമാർ, കെ.പി. സന്തോഷ്കുമാർ, സംസ്ഥാന കമ്മിറ്റി അംഗങ്ങളായ സി.വി. സജീവ്ദത്ത്, പി.വി.രാജേഷ്, പി. അനിതകുമാരി, എൽ. പ്രേമലത എന്നിവർ സമരത്തിന് നേതൃത്വം നൽകി.**

**എം. ഷാജഹാൻ**
ജനറൽ സെക്രട്ടറി